# സാക്ഷരതാ
# പാഠപുസ്തകം

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

## പാഠപുസ്തകനിർമാണസമിതി

**കെ കെ കൃഷ്ണകുമാർ**
സീമ – 61, ആനയറ നഗർ,
തിരുവനന്തപുരം

**പള്ളിയറ ശ്രീധരൻ**
ഡയറക്ടർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

**മടവൂർ ശശി**
ദിവ്യദ്വീപ്, കാലടി, കരമന പി.ഒ.
തിരുവനന്തപുരം

**മേഴ്സിപീറ്റർ**
റിട്ട. ഗണിത അധ്യാപിക, കൊല്ലം

**ഡോ. ബൈജു ഇ ബി**
അസി. പ്രോഗ്രാം കോ – ഓർഡിനേറ്റർ
എസ് ആർ സി, തിരുവനന്തപുരം

**ഡോ. ജെ വിജയമ്മ**
അസി. ഡയറക്ടർ
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

ചീഫ് എഡിറ്റർ
**ഡോ. പി.എസ് ശ്രീകല**
ഡയറക്ടർ
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

**വർക്കിങ് എഡിറ്റർ**
**ഇ.വി അനിൽ**
കോ – ഓർഡിനേറ്റർ
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

**കോ – ഓർഡിനേറ്റർ**
**പ്രശാന്ത്കുമാർ പി**
പ്രോജക്ട് കോ – ഓർഡിനേറ്റർ
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

**ചിത്രീകരണം**
**സുധീർ പി.വൈ**

**കവർ ഡിസൈൻ & ലേ – ഔട്ട്**
**ഫൗസിയ പി.എ**
ബീൻബാഗ് ക്രിയേറ്റീവ് മീഡിയ

Title
Literacy Primer

Published on
01 March 2019

Published by
Kerala State Literacy Mission Authority
Aksharam
Near Govt. Boys HSS Pettah, Pettah P.O.
Thiruvananthapuram-24
Phone: 0471-2472253, 2472254
email: stateliteracymission@gmail.com



Copyright ©



Rs. 120/-

# ആമുഖം

രണ്ടരപ്പതിറ്റാണ്ടു മുമ്പ് സമ്പൂർണ സാക്ഷരതായജ്ഞമെന്ന ജനകീയ സംരംഭം കേരളത്തെ സമ്പൂർണ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമാക്കി മാറ്റി. അക്കാലത്ത് മുല്ലനേഴി മാഷ് എഴുതി – ''അക്ഷരം വെളിച്ചമാണ്; അതഗ്നിയാണ് പൊള്ളലാണ്...'' ലക്ഷക്കണക്കിനു കേരളീയർ അതേറ്റുപാടി. ലോകത്തിനു മാതൃകയായി മാറിയ ജനകീയ വിദ്യാഭ്യാസ പരിപാടി കേരളം തുടരുകയാണ്. നവസാക്ഷരരെ തുടർവിദ്യാഭ്യാസത്തി ലൂടെ അറിവിന്റെ പുതിയ ലോകങ്ങളിലേക്ക് നയിക്കുകയാണ്. അപ്പോഴും നിരക്ഷരതയുടെ ഇരുളകങ്ങളിൽ കഴിയുന്നവരെ കേരളം കാണാതിരി ക്കുന്നില്ല. ആദിവാസികൾ, തീരദേശനിവാസികൾ, ചേരിപ്രദേശങ്ങളിൽ താമസിക്കുന്നവർ, പട്ടികജാതി കോളനികളിലുള്ളവർ, ട്രാൻസ്ജൻഡർ, ഇതരസംസ്ഥാന തൊഴിലാളികൾ എന്നിങ്ങനെ പാർശ്വവൽക്കരിക്കപ്പെ ടുന്ന മുഴുവൻ മനുഷ്യരിലേക്കും അറിവിന്റെ വെളിച്ചമെത്തിക്കുകയാണ് സാക്ഷരതാമിഷൻ. നിരക്ഷരരില്ലാത്ത നവകേരളം സാക്ഷരതാമിഷൻ ലക്ഷ്യം വയ്ക്കുന്നു. വർത്തമാന ജീവിതവുമായി ബന്ധപ്പെടുത്തിയും സാമൂഹ്യസാഹചര്യങ്ങളെ പരിഗണിച്ചുകൊണ്ടും തയ്യാറാക്കിയിരിക്കുന്ന പുസ്തകമാണിത്. ഈ സാക്ഷരതാ പാഠപുസ്തകം പഠിതാക്കൾ പ്രയോ ജനപ്പെടുത്തുമെന്ന പ്രതീക്ഷയോടെ...


ഡോ. പി.എസ്. ശ്രീകല
ഡയറക്ടർ
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

# ഉള്ളടക്കം


| | | |
|---|---|---|
| 1. | നേരമൊട്ടും വൈകിയില്ല | 7 – 10 |
| 2. | പുഴകൾ മലകൾ പൂവനങ്ങൾ | 11 – 14 |
| 3. | ഇവിടെ വാസം സാധ്യമോ? | 15 – 17 |
| 4. | കടൽ ഒഴിയുന്ന ചാകര | 18 – 23 |
| 5. | നല്ല ഭക്ഷണം നമ്മുടെ അവകാശം | 24 – 28 |
| 6. | എല്ലാവർക്കും ആരോഗ്യം | 29 – 31 |
| 7. | വായിച്ചാൽ വിളയും | 32 – 36 |
| 8. | കുടി കൂടെക്കൂടിയാൽ | 37 – 40 |
| 9. | പൊതുവിദ്യാലയം പ്രിയ വിദ്യാലയം | 41 – 44 |
| 10. | ഊർജവിചാരം | 45 – 48 |
| 11. | യാത്രക്കാരുടെ ശ്രദ്ധയ്ക്ക് | 49 – 53 |
| 12. | പണവും പണിയും | 54 – 57 |
| 13. | മൊബൈൽ ലോകം | 58 – 60 |
| 14. | അറിയുക നമ്മുടെ അവകാശങ്ങൾ | 61 – 66 |
| 15. | പഞ്ചമി | 67 – 69 |
| 16. | തുടിതാളം | 70 – 71 |
| 17. | കൂട്ട് കൂടാം | 72 – 73 |
| 18. | നമ്മുടെ പഞ്ചായത്ത് | 74 – 76 |
| 19. | നമ്മുടെ കേരളം | 77 – 80 |
| 20. | ഇന്ത്യ | 81 – 83 |
| 21. | പ്രപഞ്ചവിലാസം | 84 – 86 |

# പാഠം 1

# നേരമൊട്ടും വൈകിയില്ല...





നേരമൊട്ടും വൈകിയില്ല
കൂട്ടുകാരേ പോരൂ...
പേരെഴുതാം വായിക്കാം
ലോകവിവരം നേടാം

| | | | | |
|---|---|---|---|---|
| റ | വ | പ | ര | ന |

## പറയാം

| | | | |
|---|---|---|---|
| പത | പറ | പാറ | പാത |
| വര | പറവ | പറയാം | പന |
| പുര | പരവ | വനം | റവ |

## എഴുതാം

| | | | |
|---|---|---|---|
| പ | റ | ര | ന |
| | | | |
| പാ | ര | പ | റ |
| | | | |
| പറ | പറവ | പാറ | പന |
| | | | |

## പ്രവർത്തനം




## എഴുതാം

| | | | |
|---|---|---|---|
| പന | പാന | പറ | വര |
| | | | |
| പത | പാത | പനി | പറവ |
| | | | |




ചിത്രത്തിൽ എത്ര കിളികൾ? എത്ര പാറക്കല്ലുകൾ?

## വായിക്കാം എഴുതാം

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |

പാഠം 2

# പുഴകൾ മലകൾ പൂവനങ്ങൾ



മലമുകളിൽ
മഴപെയ്തു
പുഴയൊഴുകി
കാടുപൂത്തു

| | | | | |
|---|---|---|---|---|
| മ | ല | ന | ധ | ാ |

## പറയാം

**മരമൊരു വരം വനമൊരു ധനം**
**നല്ലവായു നല്ലവെള്ളം ജീവനാധാരം**

## എഴുതാം

| | |
|---|---|
| മരം | |
| മല | |
| മനം | |
| മാനം | |
| മാല | |

| | |
|---|---|
| വനം | |
| ധനം | |
| ധാര | |
| വാരം | |
| വലുത് | |

| | |
|---|---|
| **മണ്ണ്** | |
| **കാട്** | |

| | |
|---|---|
| **നാട്** | |
| **മകൻ** | |

## പദങ്ങൾ ഉണ്ടാക്കാം

| | | |
|---|---|---|
| റ | മ | വ |
| രം | പാ | ര |

കേരളത്തിൽ എത്ര പുഴകളുണ്ട്?
കിഴക്കോട്ട് ഒഴുകുന്ന പുഴകൾ ഏതെല്ലാം?
നിങ്ങളുടെ ജില്ലയിലൂടെ എത്ര പുഴകൾ ഒഴുകുന്നു?
അവ ഏതെല്ലാം?



## വായിക്കാം എഴുതാം


| 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |




10 കിലോ അരി



12 മുട്ട



20 ഇഷ്ടിക

**പുഴയൊഴുകിയാൽ ആഴിയോളം**

ഇതുപോലെ മറ്റു പഴഞ്ചൊല്ലുകൾ പറയുക

പാഠം 3

# ഇവിടെ വാസം സാധ്യമോ?





## പാടാം

ഇനി വരുന്നൊരു തലമുറയ്ക്ക്
ഇവിടെ വാസം സാധ്യമോ?
മലിനമായ ജലാശയം
അതി മലിനമായൊരു ഭൂമിയും

തണലുകിട്ടാൻ തപസ്സിലാണി-
ന്നിവിടെയോരോ മലകളും
ദാഹനീരിനു നാവുനീട്ടി വലഞ്ഞു
പുഴകൾ സർവ്വവും

കാറ്റുപോലും വീർപ്പടക്കി കാത്തു
നിൽക്കും നാളുകൾ
ഇവിടെയാണെൻ പിറവിയെന്നായ്
വിത്തുകൾ തൻ മന്ത്രണം

ഇഞ്ചക്കാട് ബാലചന്ദ്രൻ

എന്താണ് മലിനീകരണം?
എന്തുകൊണ്ട് മലിനീകരണം?
ഇത് തടയേണ്ടേ?
തടയാൻ എന്തൊക്കെ ചെയ്യാം?

| | | | | |
|---|---|---|---|---|
| ണ | ീ | ീ | ഇ | ഈ |

| | | | |
|---|---|---|---|
| മണൽ | ഇല | എലി | ചീര |
| തണൽ | ഈച്ച | മണി | മീര |
| പണം | ഈണം | കെണി | മീൻ |

## പ്രവർത്തനം



നിങ്ങൾക്കറിയാവുന്ന
മരങ്ങളുടെ പേര് പറയുക.
കേരളത്തിൽ പരിചിതമായ
ഫലവൃക്ഷങ്ങൾ
ഏതൊക്കെ?

## വായിക്കാമോ?



എന്റെ മാലിന്യം
എന്റെ ഉത്തരവാദിത്തം

വെള്ളം വൃത്തി വിളവ്

മരം
തണൽ തരും

പുഴയിൽ
തടയണ

പാലം
പണി തുടങ്ങി

## ഗണിതം

1. ഒരു കുടുംബത്തിൽ ഒരു ദിവസം ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവ്?.............................കിലോ
2. പ്ലാസ്റ്റിക് ബാഗുകളുടെ എണ്ണം?..............................

# പാഠം 4 കടൽ ഒഴിയുന്ന ചാകര

ചാകര ചാകര
കടപ്പുറത്തിന്നുത്സവമായ്
ചാകര ചാകര
തിരപ്പുറത്തിനി മത്സരമായ്
ചാകര

ഈ പാട്ട് പൂർണമായി പാടാമോ?



## പറയാം

ചിത്രത്തിൽ എന്തൊക്കെ കാണാം?
കടലുമായി ബന്ധപ്പെട്ട തൊഴിലുകൾ ഏതെല്ലാം?
മീൻ പിടിക്കുവാനുപയോഗിക്കുന്ന ഉപകരണങ്ങൾ എന്തെല്ലാം?
കടൽ മനുഷ്യന് എങ്ങനെയൊക്കെ പ്രയോജനപ്പെടുന്നു?
എന്താണ് ചാകര?
ചാകര ഒഴിയാൻ കാരണമെന്ത്?



## എഴുതാം

| | | | | | |
|---|---|---|---|---|---|
| ച | ട | െ | േ | എ | ഏ |



## പദങ്ങൾ വായിക്കാം

| | | | |
|---|---|---|---|
| ചെളി | ചേറ് | ചാരം | ചാകര |
| ചകിരി | കടൽ | ചാള | ചേരി |
| ചോറ് | ചാറ് | ചേന | വട |
| പാവാട | തടി | വെള്ളം | വെട്ടം |
| ചെറുമീൻ | ചേര | ചെടി | എണ്ണ |

ഈ പത്രം നോക്കി വാക്കുകൾ കോളത്തിൽ എഴുതുക. വായിക്കുക.




| | | | |
|---|---|---|---|
| | | | |

## പ്രവർത്തനം

| | | | | |
|---|---|---|---|---|
| ച | ചിരി | ചന്തം | ചാറ് | ചോറ് |
| എ | എവിടെ | | എലി | |
| ഏ | ഏത് | | ഏലം | |

## എഴുതാം

| | | | | |
|---|---|---|---|---|
| കടൽ | കട | കടം | കുട | പടം |
| | | | | |

| ചാകര | ചാള | ചിരി | ചാറ് | ചോറ് |
| --- | --- | --- | --- | --- |
| | | | | |

## ഗണിതം

ആമിന 25 രൂപയ്ക്ക് മത്തിയും 30 രൂപയ്ക്ക് അയലയും വാങ്ങിച്ചു. എത്ര രൂപയാണ് നൽകേണ്ടത്?



പാഠം 5



# നല്ല ഭക്ഷണം നമ്മുടെ അവകാശം




പട്ടിണിയും പോഷകാഹാരക്കുറവും ഒഴിവാക്കാനാണ് ഭക്ഷ്യസുരക്ഷാ നിയമം ലക്ഷ്യമിടുന്നത്.

ആഹാരം പലതരം. ആഹാരശാലകളും പലവിധം.
ലാഭക്കൊതി മൂത്ത് ആഹാരപദാർത്ഥങ്ങളിൽ മായം ചേർക്കുന്നത് കൂടിവരുന്നു.
വിഷമയമായ ആഹാരം രോഗങ്ങൾക്ക് കാരണമാകുന്നു.

## ചർച്ച

- ഭക്ഷ്യസുരക്ഷ എന്നാൽ എന്ത്?
- ഭക്ഷ്യസുരക്ഷാ നിയമം
- നാടൻ ഭക്ഷണം, പ്രാദേശിക ഭക്ഷണം, വിദേശ രുചികൾ
- ഭക്ഷണത്തിൽ മായം ചേർക്കൽ





# ഭക്ഷ്യ സുരക്ഷ



2013 സെപ്റ്റംബർ 10 ന് ഭക്ഷ്യസുരക്ഷാനിയമം ഇന്ത്യൻ പാർലമെന്റ് പാസാക്കി.

ഇന്ത്യയിലെ മുഴുവൻ ജനങ്ങൾക്കും ആരോഗ്യത്തോടെ ജീവിക്കാൻ ആവശ്യമായ വിധത്തിൽ ഭക്ഷ്യ-പോഷകാഹാര സുരക്ഷ ഉറപ്പുവരുത്തുന്നതാണീ നിയമം.

## ചേർത്ത് പറയാം






## ചൊല്ലാം

കതിര് കൊയ്യണം
കറ്റ മെതിക്കണം
പതിര് പാറ്റണം
നെല്ല് കുത്തണം




| | | | | |
|---|---|---|---|---|
| ക | റ്റ | ത | ഥ | ദ |

## പറയാം

| | | | |
|---|---|---|---|
| കറ്റ | തീറ്റ | പാറ്റ | മുറ്റം |
| കഥ | കറി | കത്തി | കപ്പ |
| കഞ്ഞി | താറാവ് | തക്കാളി | ദോശ |
| തേൻ | തേക്ക് | മോദകം | ദിൽകുഷ് |

## എഴുതാം

| കലം | നാട് | കറ്റ | ചെടി | ചേന |
|---|---|---|---|---|
| | | | | |



# ഭക്ഷ്യസുരക്ഷ
# ജീവൻ രക്ഷ

## പ്രവർത്തനം

1. ഫാസ്റ്റ് ഫുഡിനെക്കുറിച്ച് ചർച്ച ചെയ്യുക.
2. നിങ്ങൾ കുട്ടിക്കാലത്ത് കഴിച്ചിട്ടുള്ളതും ഇന്ന് ഇല്ലാത്തതുമായ ഭക്ഷണസാധനങ്ങളുടെ പേര് പറയുക.
3. വിശേഷദിവസവുമായി ബന്ധപ്പെട്ട പലഹാരങ്ങളുടെ പേര് പറയുക.

ഗോവിന്ദേട്ടൻ തട്ടുകടയിൽനിന്ന് കപ്പയും മീൻകറിയും കഴിച്ചു. വിലവിവരപ്പട്ടിക നോക്കി ഗോവിന്ദേട്ടൻ കൊടുത്തത് എത്ര രൂപ എന്ന് കണ്ടെത്തുക.

**തട്ടുകട**
വിലവിവരപ്പട്ടിക

| | | |
|---|---|---|
| കപ്പ | - | 30.00 |
| മീൻകറി | - | 60.00 |
| ദോശ | - | 7.00 |
| അപ്പം | - | 7.00 |
| ബീഫ് | - | 80.00 |

അനിൽ ഫാസ്റ്റ്ഫുഡ് കടയിൽ നിന്ന് 4 പൊറോട്ടയും 2 ചിക്കൻ ചില്ലിയും വാങ്ങി. രണ്ടും കൂടി എത്രരൂപയാകും എന്ന് നോക്കാമോ?

**ഫാസ്റ്റ്ഫുഡ്**
വിലവിവരപ്പട്ടിക

| | | |
|---|---|---|
| പൊറോട്ട | - | 10.00 |
| ചിക്കൻചില്ലി | - | 80.00 |
| സാൻഡ്വിച്ച് | - | 30.00 |
| ഷവർമ | - | 70.00 |
| ചപ്പാത്തി | - | 8.00 |

# പാഠം 6

# എല്ലാവർക്കും ആരോഗ്യം




രോഗമില്ലാത്തതുകൊണ്ടുമാത്രം ഒരാൾ ആരോഗ്യവാനാകുമോ?
ശരീരത്തിന് ആരോഗ്യം വേണം. മനസ്സിന് സ്വസ്ഥതയും.
ആരോഗ്യം രോഗമില്ലാത്ത അവസ്ഥയല്ല,
ശാരീരികവും മാനസികവും വൈകാരികവുമായ സുസ്ഥിതിയാണ്.



## ആരോഗ്യം

- വ്യായാമം വിശ്രമം
- ശുചിത്വം പോഷകാഹാരം
- പ്രതിരോധ കുത്തിവയ്പുകൾ

## ചർച്ച



കേരളത്തിൽ പ്രമേഹ
രോഗികൾ വർധിക്കുന്നു.
വ്യായാമം കുറയുന്നു.
ഫാസ്റ്റ്ഫുഡ് സംസ്കാരം
വളരുന്നു.

**ജീവിതശൈലീ രോഗങ്ങൾ**
പ്രമേഹം, പ്രഷർ, കൊളസ്ട്രോൾ, അമിതവണ്ണം, കുടവയർ

**കാരണം ചർച്ച ചെയ്യുക**

കേരളത്തിൽ
പ്രമേഹം കൂടുന്നു.
വ്യായാമം കുറയുന്നു.



| | | | | |
|---|---|---|---|---|
| അ | ആ | മ്മ | ഹ | യ |

## പദങ്ങൾ വായിക്കാം

| | | | |
|---|---|---|---|
| പയർ | അസുഖം | അമ്മ | ആശുപത്രി |
| തമ്മിൽ | കയർ | അടുക്കള | വയർ |
| അമ്മായി | തുമ്മൽ | ഉയിർ | ആയിരം |
| ആരോഗ്യം | ആയ | ആഹാരം | കമ്മൽ |

## ലോകാരോഗ്യദിനം
## ഏപ്രിൽ 7

## പ്രവർത്തനം

**ചേരുംപടി ചേർക്കുക**

| | |
|---|---|
| മരുന്ന് | വ്യായാമം |
| മാലിന്യം | രോഗം |
| പ്രമേഹം | ശുചിത്വം |

പാഠം 7

# വായിച്ചാൽ വിളയും





വായിച്ചാലും വളരും
വായിച്ചില്ലേലും വളരും
വായിച്ചാൽ വിളയും
വായിച്ചില്ലേൽ വളയും

കുഞ്ഞുണ്ണി മാഷ്



## പ്രവർത്തനം

കേരളത്തിൽ പ്രചാരത്തിലുള്ള
പത്രങ്ങൾ ഏതെല്ലാം?
അറിയാവുന്ന പത്രങ്ങളുടെ
പേര് പറയാമോ?

| | | | | |
|---|---|---|---|---|
| ണ്ണ | ട്ട | ങ്ങ | ക്ക | ച്ച |



## പദങ്ങൾ വായിക്കാം

| | | | |
|---|---|---|---|
| വിണ്ണ് | മണ്ണ് | തേങ്ങ | മാങ്ങ |
| മത്തങ്ങ | പാട്ട് | കൊട്ട് | കെട്ട് |
| മണ്ണെണ്ണ | കണ്ണീർ | കിണ്ണം | മുട്ട |

| എഴുത്തുകാർ | പുസ്തകങ്ങൾ |
|---|---|
| തകഴി | ചെമ്മീൻ |
| ബഷീർ | പാത്തുമ്മയുടെ ആട് |
| എസ്.കെ. പൊറ്റെക്കാട്ട് | ഒരു ദേശത്തിന്റെ കഥ |
| കെ.ആർ. മീര | ആരാച്ചാർ |
| കമലാസുരയ്യ | നീർമാതളം പൂത്തകാലം |

## ചൊല്ലാം



മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതക കാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നുമിന്നി
കറയറ്റൊരാലസൽ ഗ്രാമഭംഗി

-ചങ്ങമ്പുഴ കൃഷ്ണപിള്ള

## പറയാം

ഒന്നും ഒന്നും ചേർന്നാൽ
ഇമ്മിണി ബല്യ ഒന്ന്

വൈക്കം മുഹമ്മദ് ബഷീർ

# കൂട്ടക്ഷരങ്ങൾ

| | | | |
|---|---|---|---|
| ണ് | ണ | = | ണ്ണ |
| ട് | ട | = | ട്ട |
| ങ് | ങ | = | ങ്ങ |
| ള് | ള | = | ള്ള |
| ക് | ക | = | ക്ക |

## ഗണിതം

ബില്ലിൽ കാണുന്ന എല്ലാ പുസ്തകങ്ങൾക്കും കൂടിയുള്ള വില എത്ര?
ഡിസ്കൗണ്ട് ഇല്ലാതെയുള്ള വില എത്ര?
ആകെ ഡിസ്കൗണ്ട് എത്ര രൂപ?

| ക്രമ നമ്പർ | ഇനം | ഡിസ്കൗണ്ട് | വില |
|---|---|---|---|
| 1 | ബാല്യകാലസഖി | 4.5 | 45 |
| 2 | ആടുജീവിതം | 12.5 | 125 |
| 3 | എന്റെ കഥ | 7.0 | 70 |
| 4 | ചെമ്മീൻ | 8.2 | 82 |
| | | | |

പാഠം 8

# കുടി കൂടെക്കൂടിയാൽ

കുടുംബശ്രീയുടെ യോഗം നടക്കുകയാണ്. കണക്കുകൾ അവതരിപ്പിക്കേണ്ട അനില ദാ എത്തിയതേയുള്ളൂ. അവൾ വളരെ വൈകി.

അനിലയുടെ കണ്ണുകൾ കരഞ്ഞു കലങ്ങിയിരുന്നു. എല്ലാവരും ചോദ്യരൂപത്തിൽ അവളെ നോക്കി. അവൾ പുറത്തു നിർത്തിയിരിക്കുന്ന ഓട്ടോയിലേക്കു നോക്കി. എല്ലാവരുടെയും നോട്ടം അങ്ങോട്ടായി. അനിലയുടെ ഭർത്താവ് വണ്ടിയിൽ. അയാൾ എന്തൊക്കെയോ വിളിച്ചു പറയുന്നുണ്ട്. നെറ്റി പൊട്ടി ചോര ഒലിക്കുന്നു.

ഞാൻ മടുത്തു കൂട്ടരേ. ഇന്നലത്തെ കെട്ടു വിട്ടിട്ടില്ല. തല ഭിത്തിയിലടിച്ചു പൊട്ടിച്ചു. ഞാൻ ആശുപത്രിയിൽ കൊണ്ടുപോയിട്ടു വരാം. എന്റെ കുട്ടികൾ.... ഞാനെന്തു ചെയ്യും?



## ചർച്ച



മദ്യപാനം

## പറയാം

മദ്യപാനം കൂടുന്നു.
സമാധാനം കുറയുന്നു.
ആരോഗ്യം നശിക്കുന്നു.

| | | | | |
|---|---|---|---|---|
| ത്ത | ട്ട | പ്പ | ഐ | ൈ |

## പദങ്ങൾ വായിക്കാം

| | | | |
|---|---|---|---|
| വൈകുന്നേരം | കൈയിൽ | എത്തി | ആൺകുട്ടി |
| വൈകി | കൈത | ചെത്തി | പെൺകുട്ടി |

## പൂരിപ്പിക്കാം

(കൈത, കൈ, ലഹരി, മൺകുടം, മൺകുട്ട)

........................................ ഉടഞ്ഞു

........................................ കഴുകണം

........................................ പൂത്തു

........................................ ചുമന്നു

........................................ ഉപേക്ഷിക്കൂ

## തരം തിരിക്കാം

പാൽ, മദ്യം, മുട്ട, മീൻ, പുകയില, പഴം, പാൻപരാഗ്, മാംസം, മയക്കുമരുന്ന്

| ആവശ്യമുള്ളത് | ആവശ്യമില്ലാത്തത് |
|---|---|
| | |
| | |
| | |
| | |
| | |

**കുടിച്ചു മുടിച്ചത്**

അനിലയുടെ ഭർത്താവ് ഒരു ദിവസം മദ്യത്തിനുവേണ്ടി 100 രൂപയെങ്കിലും ചെലവാക്കും എന്നിരിക്കട്ടെ. ഒരാഴ്ച അയാൾ ചെലവഴിക്കുന്ന തുക എത്രയായിരിക്കും?

**ചെലവുകൾ നോക്കാം**

ഒരു കെട്ട് വൈക്കോലിന് (കച്ചിലിന്) 25 രൂപവച്ച് 3 കെട്ട് വൈക്കോലാണ് ഒരു ദിവസം അനിലയുടെ പശുവിന് ആഹാരമായി കൊടുക്കേണ്ടത്. കൂടാതെ, 3 കി.ഗ്രാം കടലപ്പിണ്ണാക്ക്, 2 കി.ഗ്രാം പരുത്തിപ്പിണ്ണാക്ക്, 3 കി.ഗ്രാം തവിട് എന്നിവയും കൊടുക്കണം. ഇവയോരോന്നിനും ഒരു കി.ഗ്രാമിന് 25 രൂപ വച്ച് എത്രരൂപ ചെലവാകുമെന്ന് കണക്കാക്കുക.


.....................................................

.....................................................

.....................................................

പാഠം 9

# പൊതുവിദ്യാലയം പ്രിയ വിദ്യാലയം




**ഗവ. മോഡൽ സ്കൂളിൽ പൂർവ വിദ്യാർഥി സംഗമം നടക്കുന്നു.**

കൂട്ടത്തിൽ മുതിർന്ന ചാണ്ടിച്ചേട്ടൻ സംസാരിക്കുകയാണ്. ‘‘ഞങ്ങൾ പഠിച്ചോണ്ടിരുന്നപ്പോ എന്തോരം കുട്ട്യോളൊള്ള സ്കൂളാരുന്നു. ഇടക്കാലത്ത് പിള്ളേരൊക്കെ കുറഞ്ഞു. ഇപ്പം സന്തോഷമൊണ്ട്. കുട്ടികൾ കൂടി

വരുന്നു. ക്ലാസ് മുറികൾ നന്നാകുന്നു.''
പൊതുവിദ്യാലയങ്ങളുടെ വളർച്ചയ്ക്ക് നമുക്ക് എന്തെല്ലാം ചെയ്യാനാവും?




## വായിക്കാം

പൊതുവിദ്യാലയം സംരക്ഷിക്കാം
വിദ്യാഭ്യാസം മൗലിക അവകാശമാണ്
വിദ്യാഭ്യാസക്കച്ചവടം വേണ്ട

| | | | |
|---|---|---|---|
| ഒ | ഓ | ഔ | ള |

## വായിക്കാം

| | | | |
|---|---|---|---|
| ഒപ്പ് | ഓർമ | ഔഷധം | ഒന്ന് |
| പള്ളിക്കൂടം | ഓണം | ഔദാര്യം | പാളയം |
| വളയം | ഒരുമ | ഓല | കിളി |

**താഴെ കാണുന്ന അക്ഷരങ്ങൾ ചേർന്ന വാക്കുകൾ പറയൂ, എഴുതൂ.**

| | | | |
|---|---|---|---|
| ഇ | | ഈ | |
| ഒ | | ഓ | |
| കൊ | | കോ | |
| പ | | പ്പ | |
| മ | | മ്മ | |
| ന | | ന്ന | |
| ല | | ല്ല | |




**പ്രവർത്തനം**



വിദ്യാലയ ഓർമകൾ പങ്കുവയ്ക്കുന്ന ഡയറിക്കുറിപ്പ് തയ്യാറാക്കുക.

പാഠം 10

# ഊർജവിചാരം



സൂര്യനാണ് എല്ലാ ഊർജത്തിന്റെയും ഉറവിടം. എണ്ണ, കൽക്കരി, ജലവൈദ്യുതി എന്നിവ പരമ്പരാഗത ഊർജരൂപങ്ങളാണ്. അവ കുറഞ്ഞുവരുന്നു. അതിനാൽ സൗരോർജം, കാറ്റിൽ നിന്നുള്ള ഊർജം എന്നിവയ്ക്ക് പ്രാധാന്യം നൽകണം.

## ചർച്ച ചെയ്യാം










| | | | |
|---|---|---|---|
| ഉ | ഊ | ജ | ഭ |

## വായിക്കാം

| | | | |
|---|---|---|---|
| ഊണ് | ഊർജം | ഭൂമി | വിഭവം |
| നിത്യം | വൈദ്യുതി | പകൽ | ഭരണി |
| ഉദയം | ഊത്ത് | ജലം | ജീവൻ |
| ഉത്തമം | ഉരൽ | ഉച്ച | ജാഗ്രത |

## പട്ടിക പൂർത്തിയാക്കാം

| ലഭ്യത കുറഞ്ഞുവരുന്ന ഊർജ വിഭവങ്ങൾ | ലഭ്യത കുറയാത്ത ഊർജ വിഭവങ്ങൾ |
|---|---|
| ...................................................... | ...................................................... |
| ...................................................... | ...................................................... |
| ...................................................... | ...................................................... |



# ഫെബ്രുവരി 28
# ദേശീയ ശാസ്ത്രദിനം


## ഗണിതം

വെളിച്ചമില്ലാതെ കിടന്ന അച്ചൻകോവിൽ പ്രദേശം. സോളാർ പാനലിനുവേണ്ടി പത്രപ്പരസ്യം കണ്ടതനുസരിച്ച് പ്രദേശവാസികൾ അപേക്ഷ അയച്ചു. 420 പേർ അപേക്ഷിച്ചതിൽ 258 പേർക്കു ലഭിച്ചു. കിട്ടിയവരിൽ 120 പേർ ആദിവാസികളായിരുന്നു. അവർക്ക് സൗജന്യമായി കിട്ടി. അപേക്ഷിച്ചവരിൽ 60 ആദിവാസി കുടുംബങ്ങൾക്ക് ഇനിയും കിട്ടാനുണ്ട്. ആദിവാസികൾ അല്ലാത്തവർ എത്രപേരാണ് അപേക്ഷിച്ചതെന്നു പറയാമോ?

അപേക്ഷിച്ച ആദിവാസികൾ = 120 + 60 = 180
ആദിവാസികൾ അല്ലാത്തവർ = 420 - 180 = 240
സോളാർ പാനൽ ലഭിച്ച ആദിവാസികൾ അല്ലാത്തവർ =
258 - 120 = 138

## ഉത്തരം കണ്ടെത്താം

| | | | | |
|---|---|---|---|---|
| **528** | **-** | **314** | **=** | |
| **760** | **-** | **420** | **=** | |
| **541** | **-** | **363** | **=** | |
| **282** | **-** | **184** | **=** | |



പാഠം 11

# യാത്രക്കാരുടെ ശ്രദ്ധയ്ക്ക്



''എന്റെ അല്ലിക്കുഞ്ഞേ, പത്രം നിറയെ വാഹനാപകടവാർത്ത യാണല്ലോ. ദേ... മുൻപേജി ൽത്തന്നെ കിടക്കുന്നു. ബസും ബൈക്കും കൂട്ടിയിടിച്ച് രണ്ടു പേർ മരിച്ചു. ബസ് ഡ്രൈവർക്ക് പരിക്ക് പറ്റി. ഇവർക്കൊക്കെ ഒന്നു ശ്രദ്ധിച്ചൂടേ.....''

നാട്ടിൽ വാഹനാപകട ങ്ങൾ വർധിച്ചുവരികയാണ്.

| | | | |
|---|---|---|---|
| ബ | ഗ | ശ | സ |

## ചർച്ച

ഹെൽമെറ്റ്
അമിതവേഗം
ട്രാഫിക് നിയമങ്ങൾ

## പത്രവിശേഷം




ബ - ബസ്, ബാലൻ, ബലൂൺ
ഗ - ഗതാഗതം, ഗവി, ഗിയർ
ശ - ശില, ശലഭം, ശാരി
സ - സത്യം, സഞ്ചാരം, സമ്മതം

## കൂടുതൽ പദങ്ങൾ കണ്ടെത്താം

അമ്മൂമ്മ പറഞ്ഞു. ‘‘ഇന്നാണ് ഉത്തമന് കവലയിൽ അനുമോദനയോഗം വച്ചിട്ടുള്ളത്. നമുക്ക് പോകേണ്ടേ? പത്രത്തിൽ വാർത്തയുണ്ട്. റോഡ് നിയമങ്ങളെക്കുറിച്ച് ആർ.ടി.ഒ യുടെ ക്ലാസുമുണ്ട്’’.

മികച്ച രീതിയിൽ ട്രാഫിക് നിയമങ്ങൾ പാലിച്ച
ഉത്തമന് അനുമോദനങ്ങൾ
ഓട്ടോറിക്ഷാ തൊഴിലാളി യൂണിയൻ

## അറിയാം പറയാം

- സീബ്ര ലൈൻ
- സിഗ്നൽ
- ലൈസൻസ്
- വേഗനിയന്ത്രണം
- മദ്യപിച്ച് വാഹനമോടിക്കൽ



# നമുക്ക് കണ്ടെത്താം

ഗതാഗത നിയമങ്ങൾ ലംഘിച്ചാൽ പിഴ ചുമത്തുന്നതാണ്. പിഴ എത്ര വീതമെന്ന് പറയാമോ?

- അപകടകരമായ ഡ്രൈവിങ്-
- രജിസ്ട്രേഷൻ ഇല്ലാതെ വാഹനം ഓടിച്ചാൽ-
- ലൈസൻസ് ഇല്ലാതെ വാഹനം ഓടിച്ചാൽ-
- മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനമോടിച്ചാൽ-
- ഹെൽമെറ്റ് ഇല്ലാതെ വാഹനം ഓടിച്ചാൽ-

- ..........................................................................................
- ..........................................................................................
- ..........................................................................................
- ..........................................................................................
- ..........................................................................................
- ..........................................................................................

സൈക്കിൾ എടുത്തുകൊണ്ട് പുറത്തിറങ്ങിയ അല്ലിയോടും അപ്പുവിനോടും അമ്മൂമ്മ ഓർമിപ്പിച്ചു. ''മക്കളേ... രാത്രിയാകാറായി ഒരുപാട് വൈകരുത് കേട്ടോ''.

'എവിടെയും എപ്പോഴും സഞ്ചരിക്കാമെന്ന് ആർ.ടി.ഒ പറഞ്ഞല്ലോ' അല്ലി ഓർമിപ്പിച്ചു.



## ഗണിതം

ഓട്ടോറിക്ഷാത്തൊഴിലാളികൾ 250 രൂപ പിരിവെടുത്താണ് ഉത്തമന് അനുമോദനയോഗം ഒരുക്കിയത്. അവർ 12 പേരാണ് ഉണ്ടായിരുന്നത്. അനുമോദനത്തിനുള്ള ഉപഹാരം വാങ്ങിയതിന് 200 രൂപയും സമ്മേളനത്തിന് 2500 രൂപയും ചെലവായെങ്കിൽ ബാക്കി എത്രരൂപയുണ്ടാകും?

# പാഠം 12 പണവും പണിയും



''ക്ലാരേ, നിന്റെ മകളുടെ കല്യാണത്തിന് സഹകരണ ബാങ്കിൽ നിന്ന് വായ്പ കിട്ടിയോ''? അമ്മൂമ്മ ചോദിച്ചു.


കിട്ടിയല്ലോ. ഞാൻ എല്ലാ ദിവസവും ജോലി ചെയ്തു കിട്ടിയ തുക കൂട്ടി ബാങ്കിൽ നിക്ഷേപിച്ചിരുന്നതിനാൽ ആ തുകയും ഒരുമിച്ചു കിട്ടും. നാളെ എ.ടി.എം വഴി തുക എടുക്കാം.

**ബാങ്കുകൾ നമുക്ക് എന്തെല്ലാം സേവനങ്ങൾ നൽകുന്നുണ്ട്?**

- കാർഷിക വായ്പ
- സ്വർണപ്പണയം
- നിക്ഷേപങ്ങൾ

- ..........................................................................
- ..........................................................................






ക്ലാരയ്ക്ക് ഒരുമാസം 25 ദിവസം ജോലിയുണ്ടായിരുന്നു. ഒരു ദിവസം 400 രൂപയാണ് കൂലി. ക്ലാരയുടെ ഒരുമാസത്തെ വരവ്-ചെലവ് കണക്ക്.

| വരവ് | ചെലവ് |
|---|---|
| | |



| | | |
|---|---|---|
| ങ്ക | മ്പ | ക്ഷ |

| | |
|---|---|
| ങ്ക | ബാങ്ക്, പങ്കായം, പങ്ക |
| ക്ഷ | നിക്ഷേപം, രക്ഷ, കക്ഷി |
| മ്പ | സമ്പത്ത്, കൊമ്പൻ, വമ്പൻ |

പണത്തിനു പ്രയാസം
ഋണം വരാതെ നോക്കണം
ഋണമെന്നാൽ കടമല്ലേ
ചക്രമല്ലേ കറങ്ങിക്കൊണ്ടിരിക്കും

| | | |
|---|---|---|
| പ | പ്ര | പ്രയാസം |
| ക | ക്ര | ചക്രം |
| ത | ത്ര | എത്ര |
| വ | വ്ര | വ്രണം |

## ഗണിതം

ജോലി ചെയ്തു കിട്ടിയ ചെറിയ വരുമാനത്തിൽ നിന്ന് ക്ലാരയ്ക്ക് മിച്ചം വയ്ക്കാനായത് കുടുംബ ബജറ്റ് ക്രമീകരിച്ചതുകൊണ്ടാണ്. നിങ്ങൾക്കതിനു കഴിയുന്നുണ്ടോ?

പ്രതിമാസ വരുമാനം 8500 രൂപയുള്ള ഒരു കുടുംബത്തിന്റെ വരവ് ചെലവുകൾ ഉൾപ്പെടുത്തി കുടുംബ ബജറ്റ് തയാറാക്കാൻ സഹായിക്കാമോ?

# പാഠം 13 മൊബൈൽ ലോകം



അല്ലി മൊബൈലിൽ കവിത കേൾക്കുകയാണ്..

''മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ''
(വള്ളത്തോൾ)

അവൾ മൊബൈലിൽ അമ്മൂമ്മയുടെ ഫോട്ടോ എടുത്തു.

''നല്ല ഭംഗിയുണ്ടല്ലോ'' അമ്മൂമ്മ സ്വന്തം ഫോട്ടോ കണ്ട് ചിരിച്ചുപോയി.


'അമ്മൂമ്മേ മൊബൈലിൽ ഇനിയും ഒത്തിരി കാര്യങ്ങളുണ്ട്'. അല്ലി വിവരിക്കാൻ തുടങ്ങി.

''അല്ലി പുതിയ ചുരിദാർ വാങ്ങിയോ? ഇതിനെത്രയായി?''.

'820 രൂപ. ഓൺലൈനിൽ ഒന്നു പരീക്ഷിച്ചതാ'.

''അതെന്താ ഓൺലൈൻ?''.

എങ്ങനെയായിരിക്കും ഓൺലൈൻ വഴി നമുക്ക് സാധനങ്ങൾ വാങ്ങാനാവുന്നത്?




| | | | |
|---|---|---|---|
| ഫ | ഠ | ഡ | ഢ |

| | | |
|---|---|---|
| ഫാൻ | പാഠം | പീഡ |
| മൂഢൻ | ഫലം | പഠനം |

ഇന്ന് അമ്മൂമ്മയുടെ പിറന്നാളാണ്. അല്ലിയും അമ്മയും വീട്ടിൽ ഭക്ഷണമൊരുക്കി അമ്മൂമ്മയുടെ കൂട്ടുകാരെ ക്ഷണിച്ചു.
അമ്മൂമ്മയ്ക്ക് ഇന്ന് തപാലിൽ ഒരു പൊതി വന്നു. ദുബായിലുള്ള മകൾ സുഷമ അയച്ചുകൊടുത്ത പിറന്നാൾ സമ്മാനമാണ്.
ജൻമദിന ആശംസാ കാർഡ്. പിന്നെ ഒരു പെട്ടി മിഠായിയും.

## പ്രവർത്തനം




## ചിന്തിച്ചു പറയൂ

ഓൺലൈൻ വഴി 1250 രൂപ വീതം വിലവരുന്ന 2 സാരിയും 999 രൂപ വിലയുള്ള ഒരു കുക്കറും ഭാർഗവി വാങ്ങി. ഓൺലൈനായി പണവും അടച്ചു. ബാങ്ക് അക്കൗണ്ടിൽ 15,000 രൂപ ഉണ്ടായിരുന്നു. ഇനി എത്ര രൂപ അക്കൗണ്ടിൽ ഉണ്ടാകും എന്നു പറയാമോ?

പാഠം 14

# അറിയുക നമ്മുടെ അവകാശങ്ങൾ



ഇന്ദിര സങ്കടപ്പെട്ടു വന്നു. ''പുതിയ സാരിയാണ്. ആദ്യ അലക്കിലേ നിറം പോയി. ഹോ! എത്ര രൂപ നഷ്ടമായി?''.

പക്ഷേ അവൾ വെറുതെയിരുന്നില്ല. ഉപഭോക്തൃ കോടതിയിൽ കേസു കൊടുത്തു. ഇന്ദിരയ്ക്ക് നഷ്ടപരിഹാരം കിട്ടി.

നമുക്ക് ഇങ്ങനെ ഒത്തിരി സന്ദർഭങ്ങൾ നേരിടേണ്ടിവന്നിരിക്കാം. അപ്പോൾ നമ്മളെന്തു ചെയ്യും?

ആശ കുടുംബ കോടതിയിൽ പോയി വരുന്ന വഴിയാണ്.
‘‘അടിയും ഇടിയും കൊണ്ടു വയ്യമ്മച്ചീ
ഞാൻ വീടുവിട്ടു പോന്നു’’.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കൂടിവരികയാണ്. ഇത് തടയാൻ എന്തൊക്കെ ചെയ്യാൻ കഴിയും. ഗാർഹിക പീഡന നിരോധന നിയമം കർശനമായും നടപ്പിലാക്കണം.



| | | |
|---|---|---|
| ഖ | ഘ | ഞ |

| | | |
|---|---|---|
| നഖം | മേഘം | ഞാറ്റുവേല |
| മുഖം | സംഘം | ഞായർ |





## ആവർത്തിച്ചെഴുതാം

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| അ | ആ | ഇ | ഈ | ഉ | ഊ | ഋ | എ | ഏ | ഐ |
| ക | കാ | കി | കീ | കു | കൂ | കൃ | കെ | കേ | കൈ |
| ച | | | | | | | | | |
| ട | | | | | | | | | |
| ത | | | | | | | | | |

| | | |
|---|---|---|
| ഒ | ഓ | ഔ |
| കൊ | കോ | കൗ |
| | | |
| | | |

സെലീന കടയിൽ പോയി. 200 രൂപയുള്ള സാരിക്ക് 10% ഡിസ്കൗണ്ട് കണ്ടപ്പോൾ ആ സാരി വാങ്ങി. ഈ സാരിക്ക് എത്ര രൂപ കൊടുത്തു വെന്ന് പറയാമോ?



10% ഡിസ്കൗണ്ട് എന്നു കാണുമ്പോൾ നിങ്ങൾ അറിയേണ്ടത് 100 രൂപ വിലയുള്ള സാധനത്തിന് 10 രൂപ കുറഞ്ഞു കിട്ടും എന്ന കാര്യമാണ്. അതായത് 90 രൂപ കൊടുത്താൽ സാധനം കൈയിലാക്കാം. അങ്ങനെയെങ്കിൽ 200 ന് എത്ര കിഴിവ് കിട്ടും എന്നു ചിന്തിക്കൂ. 100 ന് 10 എങ്കിൽ 200 ന് എത്ര?

## ചിന്തിക്കൂ പറയൂ

20% ഡിസ്കൗണ്ടിനിട്ടിരുന്ന ഒരു ചുരിദാർ പീസ് 240 രൂപയ്ക്കു കിട്ടിയെങ്കിൽ അതിന്റെ യഥാർഥ വില എത്രയായിരിക്കും എന്നു പറയാമോ?

80 ന് 100 എങ്കിൽ 240 ന് എത്ര എന്നല്ലേ ഇവിടെ ചിന്തിക്കേണ്ടത്?.



പാഠം 15

# പഞ്ചമി



മഹാത്മാ അയ്യൻകാളി പഞ്ചമി എന്ന ദളിത്പെൺകുട്ടിയെ തിരുവനന്തപുരം ബാലരാമപുരത്തുള്ള ഊരുട്ടമ്പലം സ്കൂളിൽ പ്രവേശിപ്പിക്കാൻ ചെന്നു. ഹെഡ്മാസ്റ്റർ ആ കുട്ടിക്ക് പ്രവേശം നിഷേധിച്ചു. പ്രവേശം ലഭിക്കുന്നതു വരെ കർഷകത്തൊഴിലാളികൾ ജന്മി കളുടെ പാടത്തും പറമ്പിലും കൃഷി ചെയ്യാൻ പോകരുതെന്ന് അയ്യൻകാളി യുടെ നേതൃത്വത്തിൽ തീരുമാനിച്ചു. തുടർന്നു നടന്ന സമരങ്ങളുടെ ഫല മായി 1910 ൽ ദളിതരുടെ സ്കൂൾ പ്രവേശം അംഗീകരിച്ചു.

| | | | | |
|---|---|---|---|---|
| ൽ | ൻ | ർ | ൾ | ൺ |

| | |
|---|---|
| പാൽ | കർഷകൻ |
| ദളിതർ | പെൺകുട്ടി |
| സ്കൂൾ | ആൺകുട്ടി |

ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാ സ്ഥാനമാണിത്

ശ്രീനാരായണ ഗുരു

| | | | | | |
|---|---|---|---|---|---|
| കൃ | സ | യ്യ | ന്ത | ദ | മ്പ |

## പദങ്ങൾ എഴുതാം


| | |
|---|---|
| പഞ്ചമി | ഞ്ച |
| അയ്യൻകാളി | യ്യ |
| നിഷേധം | ഷ |
| നേതൃത്വം | തൃ |

# എഴുതാം വാക്കുകൾ

| ക | ച | ട | ത | പ |
|---|---|---|---|---|
| | | | | |

| ൃ | സ | യ്യ | ന്ത | ദ | മ്പ |
|---|---|---|---|---|---|
| കൃഷി | സഭ | കയ്യാല | ചന്ത | ദിനം | പമ്പരം |
| കുസൃതി | സമയം | പയ്യ് | വസന്തം | ദയ | തുമ്പി |
| പ്രകൃതി | സൂര്യൻ | മെയ്യ് | പന്തം | ദാനം | പാമ്പ് |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

# പാഠം 16 തുടിതാളം



തുടർവിദ്യാഭ്യാസ കലോത്സവ വേദിയിൽ മാധവിയേടത്തിയും കൂട്ടുകാരും കൂടി ഒപ്പന തകർക്കുകയാണ്.

മാനത്തു നക്ഷത്രം കണ്ണുചിമ്മും നേരത്ത്
കനവുകണ്ടിരിക്കണ ബീവി - നിന്നെ
കെട്ടുവാനേഴുനാൾ കഴിയുമ്പോളെത്തീടും
പുന്നാരപ്പുതുമാരൻ പെണ്ണേ -

ചെക്കനയയ്ക്കുന്ന കത്തു വായിച്ചു
സ്വപ്നം കണ്ടങ്ങരിക്കുമ്പം
അക്ഷരത്തിൻ കുറികൾ വരപ്പിച്ച
ആമിനായെ മറക്കൊല്ലെ (മാനത്ത്...)

ഏഴാം കടലിനുമക്കരെ പോയാല്
കനകം വിളയണ നാട്ടില് ചെന്നാല്
മറ്റൊരു കനകമായ് നിൽക്കേണം, ബീവി നീ
അക്ഷരമാലയണിഞ്ഞോളേ ................ (മാനത്ത്........)

| | | |
|---|---|---|
| ഴ | ഷ | ഋ |

| | | | |
|---|---|---|---|
| മഴ | പുഴ | കുഴി | മഷി |
| കൃഷി | പുരുഷൻ | ഋഷി | ഋണം |

## അക്ഷരം കണ്ടെത്താം

| | |
|---|---|
| ----------ല്ല | ഴാ |
| ---------തു | റ്റാ |
| വേ----മ്പൽ | ഷാ |
| കാ-------ടി | ചി |
| ക-------യം | ഋ |



# പാഠം 17 കൂട്ട് കൂടാം



നേരം വൈകിയിട്ടും വത്സലയെ കാണാത്തതിൽ അയൽക്കൂട്ടത്തിലെ അംഗങ്ങൾ വ്യാകുലരായി. അനുവിനെ വീട്ടിൽനിന്ന് പുറത്താക്കിയതിനു ശേഷം അവൾ വല്ലാത്ത വിഷമത്തിലാണ്. കുടുംബത്തിന്റെ അത്താണിയാകേണ്ടവൻ. പക്ഷേ അവൻ സ്ത്രീകളെപ്പോലെ ജീവിക്കാൻ ആഗ്രഹിക്കുന്നു. മകനെക്കുറിച്ചോർത്തു മാത്രമല്ല, സമൂഹത്തിലെ മൂഢചിന്താഗതിക്കാരായ

ചിലർ തങ്ങളെ എങ്ങനെ കാണുമെന്നോർത്തും വത്സല സങ്കടപ്പെട്ടു. വത്സലയുടെ സങ്കടത്തിന് പരിഹാരമെന്ത്? അനുവിന്റെ ആഗ്രഹം കുറ്റമാണോ? സമൂഹം അനുവിനെയും കുടുംബത്തെയും ഒറ്റപ്പെടുത്തുന്നത് ശരിയാണോ?

| | | |
|---|---|---|
| ത്സ | ന്ത | ന്ദ |

| | | | |
|---|---|---|---|
| **മത്സ്യം** | **ചന്ത** | **ആനന്ദം** | **വന്ദനം** |
| **ഉത്സവം** | **ചിന്ത** | **ചന്ദനം** | **ആനന്ദം** |

ആണും പെണ്ണും മാത്രമല്ല മനുഷ്യർ.
ആണിന്റെ രൂപവും
പെണ്ണിന്റെ മനസ്സും
പെണ്ണിന്റെ രൂപവും
ആണിന്റെ ഭാവങ്ങളും
ഉള്ളവരും മനുഷ്യരാണ്.
അവർ മാറ്റിനിർത്തപ്പെടേണ്ടവരല്ല.
എല്ലാരും മനുഷ്യർ.
ആരും അന്യരല്ല.

# പാഠം 18 നമ്മുടെ പഞ്ചായത്ത്



നിങ്ങൾക്കറിയാമോ .......?

ത്രിതല പഞ്ചായത്ത്
ജില്ലാ പഞ്ചായത്ത്
ബ്ലോക്ക് പഞ്ചായത്ത്
ഗ്രാമ പഞ്ചായത്ത്

പ്രസിഡന്റ്
വൈസ് പ്രസിഡന്റ്
ചെയർപേഴ്സൺ

1. ക്ഷേമകാര്യം
2. വികസനം
3. പൊതുമരാമത്ത്
4. ആരോഗ്യ വിദ്യാഭ്യാസകാര്യം

വാർഡ് മെമ്പർമാർ

ഗ്രാമസഭ
വാർഡ് മെമ്പർ
വാർഡിലെ ജനങ്ങൾ

പ്രവർത്തക സമിതി
വാർഡ് കൺവീനർമാർ
ഇംപ്ലിമെന്റിങ് ഓഫീസർമാർ
വിദഗ്ധർ

അയൽസഭ
വാർഡ് മെമ്പർ
അയൽസഭാ കൺവീനർ
അയൽസഭാ അംഗങ്ങൾ

സേവാഗ്രാം
വാർഡ് മെമ്പർ
ഫെസിലിറ്റേറ്റർ
ജനങ്ങൾ

കുടുംബശ്രീ
സി.ഡി.എസ് ചെയർപേഴ്സൺ
സി.ഡി.എസ് അംഗങ്ങൾ
എ.ഡി.എസ് പ്രസിഡന്റ് + സെക്രട്ടറി
എ.ഡി.എസ് അംഗങ്ങൾ
അയൽക്കൂട്ടം (എസ്.എച്ച്.ജി)
പ്രസിഡന്റ്
സെക്രട്ടറി
അംഗങ്ങൾ
ആരോഗ്യ വളന്റിയർമാർ

## പ്രവർത്തനം

അടിസ്ഥാനസൗകര്യ വളന്റിയർമാർ
വരുമാനദായക വളന്റിയർമാർ

ഈ വിവരങ്ങൾ പ്രകാരം നിങ്ങളുടെ
പഞ്ചായത്തിന്റെ വിശദാംശങ്ങൾ
ശേഖരിച്ച് രേഖപ്പെടുത്തുമല്ലോ.
ഭൂപടം കൂടി ചേർക്കുക.


| | |
|---|---|
| ഞ്ച | യ്യ |

| | | |
|---|---|---|
| പഞ്ചായത്ത് | സഞ്ചാരം | പഞ്ചസാര |
| പയ്യൻ | വയ്യ | ചെയ്യാം |

പാഠം 19

# നമ്മുടെ കേരളം

“കേരളം വളരുന്നു പശ്ചിമഘട്ടങ്ങളെ
കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ”
-പാലാ നാരായണൻ നായർ



ദൈവത്തിന്റെ സ്വന്തം നാട്

മാമലകൾക്കപ്പുറത്ത്
മരതകപ്പട്ടുടുത്ത്
മലയാളമെന്നൊരു നാടുണ്ട്
കൊച്ചു മലയാളമെന്നൊരു നാടുണ്ട്
ഈ പാട്ട് പൂർണമായി പാടാമോ?


ഈ അക്ഷരങ്ങൾ വരുന്ന സ്ഥലപ്പേരുകൾ പറയാം.

| ട്ട | ങ്ങ | യ | ഞ |
|---|---|---|---|
| പത്തനംതിട്ട<br>തിട്ടമംഗലം<br>കട്ടേല | മുത്തങ്ങ<br>നെടുമങ്ങാട്<br>പാങ്ങോട് | വയനാട്<br>കായലോട്<br>കായംകുളം | ഞാറനീലി<br>ഞാറയ്ക്കൽ<br>ഞെക്കാട് |

| മലനാട് | ഇടനാട് | തീരപ്രദേശം |
|---|---|---|
| | | |


## പ്രവർത്തനം

കേരളത്തിന്റെ ഭൂപടം നോക്കി നിങ്ങളുടെ ജില്ല രേഖപ്പെടുത്താമോ?





നമ്മുടെ സംസ്ഥാനം കേരളം.
കേരളത്തിന്റെ മാതൃഭാഷ മലയാളം.
കേരളത്തിന്റെ തലസ്ഥാനം
തിരുവനന്തപുരം.



ലഘുകുറിപ്പ് തയ്യാറാക്കുക?

## എന്റെ കേരളം

.............................................................................................................

.............................................................................................................

.............................................................................................................

.............................................................................................................

.............................................................................................................



പാഠം 20

# ഇന്ത്യ





## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്. ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും. ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.





പല വേഷം
പല ഭാഷ
പല മതം
പല ആചാരം
പല ഭക്ഷണം

..........................

..........................

..........................

..........................

..........................

..........................

..........................

## ഇന്ത്യ വൈവിധ്യങ്ങളുടെ നാട്

ഇന്ത്യ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക് രാജ്യമാണ്. ഇന്ത്യയിലെ എല്ലാ പൗരർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യവും പദവി, അവസരങ്ങൾ എന്നിവയിലുള്ള സമത്വവും ഇന്ത്യൻ ഭരണഘടന ഉറപ്പുവരുത്തുന്നു.

| | | | |
|---|---|---|---|
| മഷി | കൃഷി | ഭാഷ | വേഷം |
| ഭൂഷ | മഴ | പുഴ | വാഴ |
| പുഴു | കിഴി | സത്യം | സമാധാനം |
| സമത്വം | സംസ്ഥാനം | സഞ്ചാരം | സമരം |



ജനുവരി 26
റിപ്പബ്ലിക് ദിനം

ആഗസ്റ്റ് 15
സ്വാതന്ത്ര്യദിനം

ഇന്ത്യയുടെ തലസ്ഥാനം
ന്യൂഡൽഹി

## എഴുതാം

| | | |
|---|---|---|
| മഷി | മഴ | സമയം |
| ഷ | ഴ | സ |
| | | |

# പാഠം 21 പ്രപഞ്ചവിലാസം



വിജയ മേൽവിലാസം
എഴുതുകയാണ്.
വിജയ
നമ്പർ 10, വിജയവിലാസം
കച്ചേരിപ്പടി, പെരുമ്പാവൂർ
കുന്നത്തുനാട് താലൂക്ക്
എറണാകുളം ജില്ല
കേരള സംസ്ഥാനം
ഇന്ത്യ രാജ്യം
ഏഷ്യ വൻകര
ഭൂമി
സൗരയൂഥം
ആകാശഗംഗ
മഹാപ്രപഞ്ചം

പ്രപഞ്ചത്തിൽ കോടാനുകോടി നക്ഷത്രങ്ങൾ. അതിലൊരു നക്ഷത്രം സൂര്യൻ. സൂര്യനെ വലം വയ്ക്കുന്ന ഗ്രഹങ്ങളിലൊന്ന് ഭൂമി. ഭൂമിയിൽ 750 കോടിയിലേറെ ജനങ്ങൾ. അതിലൊരാൾ വിജയ. കൂട്ടത്തിൽ നമ്മളോരോരുത്തരും.

## പറയാം

| | | |
|---|---|---|
| പ്രപഞ്ചം | പ്രധാനം | തന്ത്രം |
| പ്രവർത്തനം | പ്രധാനമന്ത്രി | യന്ത്രം |
| പ്രസംഗം | മന്ത്രി | ക്ലേശം |
| പ്രവൃത്തി | തന്ത്രി | ക്ലിപ്തം |
| ക്ലീനിങ് | കൃഷി | കൃത്യം |
| ക്ലാര | തൃഷ്ണ | വൃത്തം |
| ക്ലീറ്റസ് | വൃത്തി | കൃത്യത |

## എഴുതാം

| | | |
|---|---|---|
| ്ര | ്ല | ്യ |
| പ്ര | പ്ല | വ്യ |
| ക്ര | ക്ല | ക്യ |
| | | |

## വായിക്കാം



''ഓർക്കുക, ജീവികളായ
സർവജീവികളും
ഭൂമിയുടെ അവകാശികൾ''

വൈക്കം മുഹമ്മദ് ബഷീർ

## പ്രവർത്തനം

നിങ്ങളുടെ പ്രപഞ്ചവിലാസം തയ്യാറാക്കുക.

# അക്ഷരമാല

## സ്വരാക്ഷരങ്ങൾ

| | | | |
|---|---|---|---|
| അ | ആ | ഇ | ഈ |
| ഉ | ഊ | ഋ | |
| എ | ഏ | ഐ | |
| ഒ | ഓ | ഔ | |
| അം | അഃ | | |

## ചില്ലുകൾ

| | | |
|---|---|---|
| ൺ | ൻ | ൽ |
| ർ | ൾ | |

# വ്യഞ്ജനാക്ഷരങ്ങൾ

ക ഖ ഗ ഘ ങ

ച ഛ ജ ഝ ഞ

ട ഠ ഡ ഢ ണ

ത ഥ ദ ധ ന

പ ഫ ബ ഭ മ

യ ര ല വ

ശ ഷ സ ഹ

ള ഴ റ